## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:163 — 17/12/2012 - ൽ മറുപടിക്ക്

### മത്സ്യവിഭവങ്ങളുടെ കയറ്റുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>,, എം. പി. അബ്ദുസ്സമദ് സമദാനി :<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, സി മോയിൻകുട്ടി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിഭവങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ; | (എ) മത്സ്യഫെഡിന്റെ കൊച്ചിയിലെ യൂറോപ്യൻ യൂണിയൻ അംഗീകാരം ഉള്ള ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധയിനം മത്സ്യങ്ങൾ പ്രധാനമായും ചൂര, അയില, ചാള, മെർലിൻ എന്നിവ സംസ്ക്കരിച്ച് കയറ്റി അയയ്ക്കുന്നുണ്ട്. ആഭ്യന്തര വിപണിയിൽ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, കട്ലറ്റ് എന്നീ ഉല്പന്നങ്ങൾ തയ്യാറാക്കി വിൽപ്പന നടത്തുന്നുണ്ട്. യൂറോപ്യൻ യൂണിയൻ നിലവാരത്തിൽ മത്സ്യ വിഭവങ്ങൾ സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി മത്സ്യ വിഭവ കയറ്റുമതി വികസന അതോറിറ്റി (എം.പി.ഇ.ഡി.എ)യുടെ സാമ്പത്തിക സഹായത്തോട് കൂടി കൊല്ലം ശക്തികുളങ്ങരയിൽ ഒരു കമ്മ്യൂണിറ്റി പീലിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. കൂടാതെ മത്സ്യ വിഭവങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായും കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. |

1. <u>ഡ്യൂട്ടി ഡ്രോ ബായ്ക്ക്</u>

ഇതുവഴി മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഫ്രോസൺ വിഭവങ്ങൾക്ക് എഫ്.ഒ.ബി വാല്യുവിന്റെ 3.5 ശതമാനവും ചിൽഡ് വിഭവങ്ങൾക്ക് 2 ശതമാനവും ഈ സ്കീമിലൂടെ ലഭ്യമാകുന്നുണ്ട്.

2. <u>വി.കെ.ജി.യു.വൈ സ്കീം (വിശേഷ് കൃഷി ഗ്രാമ ഉദ്യോഗ് യോജന)</u>

ഈ സ്കീംപ്രകാരം കയറ്റുമതി ചെയ്യുന്ന ഫ്രോസൺ വിഭവങ്ങൾക്ക് എഫ്.ഒ.ബി വാല്യുവിന്റെ 3 ശതമാനവും ചിൽഡ് വിഭവങ്ങൾക്ക് 3 ശതമാനവും വി.കെ.ജി.യു.വൈ ലൈസൻസായി ലഭിക്കുന്നു.

3. <u>ഇ.പി.സി.ജി സ്കീം (എക്സ്പോർട്ട് പ്രമോഷൻ ക്യാപിറ്റൽ ഗുഡ്സ് സ്കീം)</u>

കൊച്ചിയിലും കണ്ണൂരിലുമുള്ള മത്സ്യഫെഡ് നെറ്റ് ഫാക്ടറികൾക്കായി മെഷീനറി ഇറക്കുമതി ചെയ്തതിന് 24,49,490.47 രൂപയുടെ ഡ്യൂട്ടി ഇളവ് ലഭിച്ചിട്ടുണ്ട്. ഈ ഇളവ് ലഭിച്ചതിന് അതിന്റെ 8 ഇരട്ടി 8 വർഷം കൊണ്ട് മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിന്റെ ശരാശരി കയറ്റുമതിയ്ക്ക് ഉപരിയായി കയറ്റി അയയ്ക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ ചില പ്രത്യേക രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനു ഫോക്കസ്

മാർക്കറ്റ് സ്കീം (FMS), ചില പ്രത്യേക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ അയയ്ക്കുന്നതിനു ഫോക്കസ് പ്രോഡക്ട് സ്കീം (FPS), മാർക്കറ്റ് ലിംഗ്സ് ഫോക്കസ് പ്രോഡക്ട് സ്കീം (MLFPS), സ്പെഷ്യൽ ഫോക്കസ് മാർക്കറ്റ് സ്കീം (SFMS), എന്നീ പദ്ധതികളും മത്സ്യ കയറ്റുമതി പ്രോൽസാഹിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.പി. ഇ.ഡി.എ വഴി പല പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) ലോക മാർക്കറ്റിൽ ഡിമാന്റ് ഉള്ള മത്സ്യവിഭവങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ലോക മാർക്കറ്റിൽ ഡിമാന്റ് ഉള്ള മത്സ്യവിഭവങ്ങളെക്കുറിച്ച് എം.പി. ഇ.ഡി.എ (മറൈൻ പ്രോഡക്ട് എക്സ്പോർട്ട് ഡവലപ്പ്മെന്റ് അതോറിറ്റി) പഠനങ്ങൾ നടത്തുന്നുണ്ട്. ടി. പഠനത്തിന്റെ അടിസ്ഥാനത്തിൽ സഷ്മി/ചിൽഡ് ട്യൂണ കയറ്റുമതി ചെയ്യുന്നതിനായി കേന്ദ്ര ഫണ്ടായ 1.10 കോടി രൂപ എം.പി. ഇ.ഡി.എ മുഖേന മത്സ്യഫെഡിന് ലഭിച്ചിട്ടുണ്ട്. അതുവഴി കൊച്ചിയിലുള്ള മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ ഒരു ചിൽഡ് ട്യൂണ ടെർമിനൽ സജ്ജീകരിച്ചിട്ടുണ്ട്. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മെച്ചപ്പെട്ട അന്താരാഷ്ട്ര നിലവാരമുള്ള പീലിംഗ് സെന്റർ ഒരുക്കി കൊടുക്കുന്നതിനായി കേന്ദ്ര സ്ഥാപനമായ

എം.പി.ഇ.ഡി.എ വഴി 2.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആ തുകകൊണ്ട് കൊല്ലം ജില്ലയിലെ ശക്തികുളങ്ങര യിൽ ഒരു കോമൺ പ്രി-പ്രോസ സ്സിംഗ് സെന്റർ (സി.പി.സി) സജ്ജമായി വരുന്നു.

(സി) ഗുണമേന്മയുള്ള വിഭവങ്ങൾ മാത്രം കയറ്റുമതി ചെയ്യുന്നതിന് സ്വീകരി ച്ചുവരുന്ന മുൻകലുതലുകൾ വ്യ ക്തമാക്കുമോ;

(സി) ഗുണമേന്മയുള്ള വിഭവങ്ങൾ മാത്രം കയറ്റുമതി ചെയ്യുന്നതിനായി താഴെ പറയുന്ന പരിശോധനകൾ നടത്തി മുൻ കരുതലുകൾ സ്വീകരിക്കുന്നു.

1. Organoleptic
2. Chemical
3. Microbiological

ഫാക്ടറിയിൽ എത്തുന്ന മത്സ്യങ്ങൾ അവയുടെ താലനില, കണ്ണ്, ചെകിള, മസിലുകളുടെ ദൃഢത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി മാത്രമാണ് തുടർ പ്രോസസ്സിംഗിനായി സ്വീകരി ക്കുന്നത്. Chemical Degradation സംഭവിക്കാൻ സാധ്യതയുള്ള മത്സ്യ ങ്ങൾ അതിനുവേണ്ട രാസ പരിശോധനകൾക്കായി സാംമ്പിളു കൾ ശേഖരിക്കുന്നു.

Micro Biological പരിശോധന യ്ക്കായും സാമ്പിളുകൾ ശേഖരി ക്കുന്നു. ഇത്രയും മുൻകരുതലു കൾക്ക് ശേഷം മത്സ്യം ശീതീകരിക്കു ന്നതിനായുള്ള നടപടികൾ സ്വീകരി ക്കുന്നു. ഈ നടപടികൾക്കിടയിലും ശക്തമായ ക്വാളിറ്റി കൺട്രോൾ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും

പാലിക്കപ്പെടുകയും കൃത്യമായ ഫ്രീസിംഗ് ഉറപ്പാക്കുകയും ചെയ്യുന്നു. ശീതീകരിച്ച മത്സ്യം കയറ്റുമതിയ്ക്ക് മുൻപായി ഒരിക്കൽ കൂടി Organoleptic/Chemical/Biological പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഈ പരിശോധനകൾ എല്ലാം നിയമാനുസൃതമായ പരിധിക്കുള്ളിലാണെങ്കിൽ അവ കയറ്റുമതി ചെയ്യുന്നു.

ഫാക്ടറി തലത്തിൽ നടത്തുന്ന പരിശോധനയ്ക്കുപരിയായി EIA (കയറ്റുമതി നിരീക്ഷണ വകുപ്പ്) ഫാക്ടറി കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുകയും മേൽ പറഞ്ഞ പരിശോധനകൾ ആവർത്തിക്കുകയും ചെയ്യുന്നു.

മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് ഏഷ്യ, ആഫ്രിക്ക, ആസ്ട്രേലിയ, യൂറോപ്യൻ യൂണിയൻ, അമേരിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് മത്സ്യം കയറ്റുമതി ചെയ്യുവാൻ അംഗീകാരമുള്ള സ്ഥാപനമാണ്. ഈ നിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ രണ്ടു വർഷം കൂടുമ്പോഴും EIA, MPEDA, CIFT തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങൾ ഫാക്ടറി സന്ദർശിച്ച് അടിസ്ഥാനസൗകര്യങ്ങളുടെ ലബ്ധി ഉറപ്പാക്കുന്നു. കൂടാതെ ജനീവ ആസ്ഥാനമാക്കിയുള്ള യൂറോപ്യൻ യൂണിയൻ പ്രതിനിധികളുടെ സന്ദർശനവും പ്രതീക്ഷിക്കാവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഐസ് ഉൽപ്പാദിപ്പിക്കുന്നതിനായി നാല് ഐസ് പ്ലാന്റുകൾ നവീകരിക്കുകയും മത്സ്യം സംസ്കരിക്കുന്നതിനും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുമായി മത്സ്യഫെഡ് ഐസ് & കോൾഡ് സ്റ്റോറേജ് നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യം കൂടുതലായി ലഭ്യമാകുന്ന സാഹചര്യങ്ങളിൽ അധികമുള്ള മത്സ്യം കേട് കൂടാതെ ഐസ് ചെയ്തു സൂക്ഷിക്കുന്നതിനും ഗുണമേന്മ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും ഈ സൗകര്യം വഴി സാധിച്ചു. തത്ഫലമായി മത്സ്യത്തൊഴിലാളികൾ കൊണ്ടു വരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിന് ഈ പദ്ധതി വഴിയൊരുക്കിയിട്ടുണ്ട്.

(ഡി) പ്രതിവർഷം എന്ത് തുകയുടെ കയറ്റുമതിയാണ് സംസ്ഥാനത്തിന്റേതായുള്ളത്; വെളിപ്പെടുത്തുമോ?

(ഡി) 2011-2012 കാലയളവിൽ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്ന് 1324 ടൺ മത്സ്യം കയറ്റുമതി ചെയ്യുകയും അതുവഴി 12.04 കോടി രൂപയുടെ വിദേശനാണ്യം ലഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ